പോലീസ് വകുപ്പ്

കേരളം

**No.H2-5184/2023/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
☏04962523031
തീയതി.05-09-2023

**DO No. 527/2023/ഡി ആർ**

വിഷയം : അച്ചടക്ക നടപടി:- ശ്രീ.സുരേഷ് കമാർ.ടി.ടി (PEN 148151), RSI (G), DHQ, കോഴിക്കോട് റൂറൽ എന്നയാൾക്കെതിരെയുള്ള വാക്കാലല്ലാത്ത അന്വേഷണം - (H2/PR-01/2023/DR)പി.ആർ. മിനുറ്റ്സിൽ തീർപ്പ് കല്പിക്കുന്നത് -സംബന്ധിച്ച്

സൂചന : 1) 02/02/2023 തിയ്യതിയിലെ H2/5184/2023/DR നമ്പർ നടപടിക്രമം
2) 15/05/2023 തിയ്യതി ഇൻസ്പെക്ടർ എസ്.എച്ച്.ഓ, കൂരാച്ചുണ്ട് പി.എസ് സമർപ്പിച്ച പി.ആർ മിനുറ്റ്സ്
3) ശ്രീ.സുരേഷ് കമാർ.ടി.ടി എന്നവർക്കുള്ള 18/05/2023 തിയ്യതിയിലെ H2/5184/2023/DR നമ്പർ നോട്ടീസ് (H2/PR-01/2023/DR)
4) ശ്രീ.സുരേഷ് കമാർ.ടി.ടി സമർപ്പിച്ച 31/05/2023 തിയ്യതിയിലെ മറുപടി

**ശ്രീ.സുരേഷ് കുമാർ.ടി.ടി(PEN 148151), RSI (G)** എന്നയാൾ കോഴിക്കോട് റൂറൽ DHQ-വിൽ റൈറ്റർ ആയി ജോലി ചെയ്തു വരവേ, വടകര NDPS കോടതിയിൽ തപാൽ ഡ്യൂട്ടിയിലായിരുന്ന താമരശ്ശേരി പോലീസ് സ്റ്റേഷനിലെ ശ്രീ.സജിത്ത്, CPO 10123 എന്നയാൾ 17.01.2023 തിയ്യതി രാവിലെ കോടതിയിൽ ഹാജരാക്കുന്ന ആവശ്യത്തിലേക്ക് FIR, അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പുകൾ രാത്രിയതിനാൽ സ്വകാര്യസ്ഥാപനങ്ങൾ പൂട്ടിയതിനാൽ, എടുക്കുന്നതിനായി 16.01.2023 തിയ്യതി രാത്രി ക്യാമ്പിലെത്തിയിരുന്നു എന്നും കുറച്ചു പകർപ്പെടുത്ത സമയം അവിടെ എത്തിയ അന്നത്തെ ഡ്യൂട്ടി ഓഫീസർ ചാർജ് വഹിച്ചിരുന്നശ്രീ.സുരേഷ് കുമാർ.ടി.ടി, RSI (G) തുടർന്ന് പകർപ്പെടുക്കാൻ അനുവദിക്കാതെ തിരിച്ചയച്ചെന്നും C-ബ്രാഞ്ച് DySP യുടെ അന്വേഷണ റിപ്പോർട്ടിൽ നിന്നും ബോധ്യമായിട്ടുള്ളതാണ്.

കോടതിയിൽ സമർപ്പിക്കുന്നതിനുള്ള രേഖകൾ പ്രിൻറ് എടുക്കുന്നതിന് വേണ്ടി DHQ ഓഫീസിൽ എത്തിയ താമരശ്ശേരി പോലീസ് സ്റ്റേഷനിലെ ശ്രീ.സജിത്തിനെ (സിപി 10123) ജില്ലയിലെ പോലീസിനെ ഒരു മേധാവിയുടെ കീഴിലുള്ള ഒറ്റ സേനയായി കണക്കാക്കി പ്രിൻറ് എടുക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്യുന്നതിന് പകരം മറ്റ് സ്റ്റേഷനിൽ പോയി പ്രിൻറെടുക്കാൻ പറഞ്ഞു DHQ വിൽ നിന്നും പ്രിൻറെടുക്കാൻ അനുവദിക്കാതെ തിരിച്ചയച്ചതിലൂടെ ശ്രീ.സുരേഷ് കുമാർ.ടി.ടി RSI(G) എന്നയാളുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി പ്രഥമദൃഷ്ട്യാ ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ 1958 ലെ KPDIP & A ചട്ടങ്ങളിലെ റൂൾ 6 പ്രകാരം ഒരു വാക്കാലല്ലാത്ത അന്വേഷണത്തിന് ഉത്തരവിടുകയും, അന്വേഷണം നടത്തി പി.ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് ഇൻസ്പെക്ടർ എസ്.എച്ച്.ഓ, കൂരാച്ചുണ്ട് പി.എസ്സിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

വാക്കാലല്ലാത്ത അന്വേഷണത്തിന് ശേഷം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി.ആർ മിനുറ്റ്സും, അനുബന്ധ രേഖകളും ഞാൻ പരിശോധിക്കുകയുണ്ടായി. സൂചന 3 പ്രകാരം ശ്രീ.സുരേഷ് കമാർ.ടി.ടി എന്നവർക്ക് പി.ആർ മിനുറ്റ്സിന്റെ പകർപ്പ് അയച്ചു കൊടുത്ത നോട്ടീസിന് ടിയാൻ സൂചന 4 പ്രകാരം സമർപ്പിച്ച വിശദീകരണം പരിഗണിച്ച് കൊണ്ട് **ശ്രീ.സുരേഷ് കുമാർ.ടി.ടി (PEN 148151), RSI(G) എന്നവരെ കുറ്റവിമുക്തനാക്കി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

H2-5184/2023/DR d581b9

05-09-2023

കറുപ്പസാമി.ആർ. ഐ.പി.എസ്,

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ.സുരേഷ് കുമാർ.ടി.ടി(PEN 148151), RSI (G) എന്നവർക്ക് അസി.കമാണ്ടന്റ്, ഡി.എച്ച്.ക്യൂ, കോഴിക്കോട് റൂറൽ മുഖാന്തിരം

പകർപ്പ് : 1) അസി.കമാണ്ടന്റ്, ഡി.എച്ച്.ക്യൂ, കോഴിക്കോട് റൂറൽ - നടത്തിപ്പിനും, തീയ്യതി വെച്ച് ലക്ഷ്യം വാങ്ങി തിരികെ അയക്കുന്നതിനും

2) അഡിഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്,സി.എ എന്നിവരുടെ അറിവിലേക്കായി

4) എ1 മുതൽ എ5(B), ബി1, ബി2, ബി3, എഫ് 1 മുതൽ എഫ്5 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി

5) ഡി.ഓ ബുക്ക്, ഡി.ഓ ഫയൽ